**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 130** **31-08-2022 - ൽ മറുപടിയ്ക്ക്**

**കെ-സ്കിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ എം മുകേഷ്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അഭ്യസ്തവിദ്യരുടെ തൊഴിൽക്ഷമത മെച്ചപ്പെടുത്തുന്നതിനായി നൈപുണ്യ പരിശീലനത്തിലൂടെ അവരെ പ്രാപ്തരാക്കുന്നതിന് കെ-സ്കിൽ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; ഇതിനായി എല്ലാ മണ്ഡലങ്ങളിലും പ്രത്യേകമായി അസാപ് മുഖേന നൈപുണ്യ മേളകൾ സംഘടിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്; കേരളത്തിലെ യുവജനങ്ങൾക്ക് നഗര ഗ്രാമ വ്യത്യാസമില്ലാതെ പുതുതലമുറ നൈപുണ്യ കോഴ്സുകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുകയും അതുവഴി രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിലവസരങ്ങൾ കരഗതമാക്കാൻ യുവതലമുറയെ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഒരു സമഗ്ര നൈപുണ്യ പരിശീലന സംരംഭമാണ് കെ-സ്കിൽ. പതിനഞ്ചിലധികം വ്യത്യസ്ത തൊഴിൽ മേഖലകളിലായി നൂറ്റി മുപ്പതിലധികം സ്കിൽ കോഴ്സുകളിലാണ് അസാപ് വഴി പരിശീലനം നൽകുന്നത്. അസാപിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ വഴിയും തെരഞ്ഞെടുക്കപ്പെട്ട നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ വഴിയും, ഓൺലൈൻ ആയും ഓഫ്‌ലൈൻ ആയും കോഴ്സുകൾ നടത്തുന്നു.<br><br>അസാപിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കെ-സ്കിൽ ക്യാമ്പയിന്റെ ഗുണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്ന ഉദ്ദേശത്തോടു കൂടി ഇരിങ്ങാലക്കുട മണ്ഡലത്തിലെ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ വെച്ച് 2022 ജൂലൈ 30-ന് ഒരു നൈപുണ്യ പരിചയ മേള സംഘടിപ്പിച്ചിരുന്നു. ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, അധ്യാപക പൊതുസമൂഹം എന്നിവരുടെ സഹകരണത്തോടെയാണ് മേള നടത്തിയത്.<br><br>വിവിധ തൊഴിൽ മേഖലകൾ, അതുമായി ബന്ധപ്പെട്ട കെ-സ്കിൽ കോഴ്സുകൾ, കോഴ്സിന്റെ പ്രത്യേകതകൾ, സർട്ടിഫിക്കേഷൻ, ഇത്തരം കോഴ്സുകൾ വിജയകരമായി |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കിയാൽ ലഭിക്കാൻ സാധ്യതയുള്ള തൊഴിൽ അവസരങ്ങൾ, പരിശീലനം നൽകുന്ന വ്യവസായ സ്ഥാപനങ്ങളുടെ വിവരങ്ങൾ മുതലായവയെക്കുറിച്ച് പൂർണമായ അവബോധം വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും സൃഷ്ടിക്കാൻ ഉതകുന്ന രീതിയിലാണ് മേള സംഘടിപ്പിക്കപ്പെട്ടത്.<br><br>ടെക്നിക്കൽ, നോൺ ടെക്നിക്കൽ തൊഴിൽ മേഖലകളിലെ വിദഗ്ധർ നയിക്കുന്ന സ്കിൽ ടോക്കും വിദ്യാർത്ഥികളെ തൊഴിൽ കമ്പോളത്തിലേക്ക് സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്ലെയ്സ്മെന്റ് ഗ്രൂമിംഗും മേളയുടെ ഭാഗമായി ഒരുക്കിയിരുന്നു.<br><br>അതോടൊപ്പം പരിശീലന പങ്കാളികളെ ഉൾപ്പെടുത്തിക്കൊണ്ട് ഐ.ടി, മീഡിയ ആൻഡ് എന്റർടെയ്ൻമെന്റ്, ഇലക്ട്രോണിക്സ് ആൻഡ് ഇലക്ട്രിക് വെഹിക്കിൾ, ബാങ്കിങ്ങ് ആൻഡ് ഫിനാൻസ്, സ്പോർട്സ് (ഫിറ്റ്നസ് ട്രെയിനർ), മാനേജ്മെന്റ്, ലോജിസ്റ്റിക്സ്, തുടങ്ങിയ ഇരുപതിലധികം തൊഴിൽ മേഖലകളിൽ ആകർഷകമായ നൈപുണ്യ സ്റ്റാളുകൾ സജ്ജമാക്കി എക്സിബിഷനും, സംശയ നിവാരണവും വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലന രംഗത്തെ സാധ്യതകളെ കൂടുതൽ മനസിലാക്കാനുമുള്ള അവസരവും മേളയിലൂടെ ഒരുക്കിയിരുന്നു.<br><br>വിദ്യാർത്ഥികൾക്ക് അവരവരുടെ അഭിരുചിക്കനുസരിച്ച കോഴ്സുകൾ മനസിലാക്കാനും, കോഴ്സുകളിൽ രജിസ്റ്റർ ചെയ്യാനും അതോടൊപ്പം കെ-സ്കിൽ കോഴ്സുകളിൽ വിദ്യാർത്ഥികൾക്ക് കേരള നോളജ് ഇക്കോണമി മിഷൻ വഴി ലഭ്യമായ സ്കോളർഷിപ്പുകൾ, കാനറാ ബാങ്കുമായി സഹകരിച്ച് ലഭ്യമാക്കുന്ന സ്കിൽ ലോൺ തുടങ്ങിയ വിവരങ്ങളും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മനസിലാക്കാൻ മേള ഉപകരിച്ചു. വ്യവസായ സ്ഥാപനങ്ങളുമായുള്ള സഹകരണം ഭാവിയിൽ നൈപുണ്യ പരിശീലനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിലെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് സഹായകമാകും.<br><br>അനുകൂല സാഹചര്യത്തിൽ ഇരിങ്ങാലക്കുട മാതൃകയിൽ മറ്റു നിയോജക മണ്ഡലങ്ങളിലേക്കും ഇത്തരം മേളകൾ വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | കേരളത്തിന്റെ വൈജ്ഞാനിക സമൂഹ | (ബി) | കേരളത്തെ ഒരു നവ വൈജ്ഞാനിക സമൂഹവും, |

| | | | |
|---|---|---|---|
| | കേന്ദ്രീകൃതമായ സമ്പദ് വ്യവസ്ഥയ്ക്ക് പ്രസ്തുത പദ്ധതി എത്രത്തോളം പ്രയോജനപ്പെടുമെന്ന് വിശദമാക്കുമോ; | | നവ വൈജ്ഞാനിക സമ്പദ് വ്യവസ്ഥയും ആക്കി പരിവർത്തനം ചെയ്യുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. നൈപുണ്യ വികസനത്തിന്റേതായ ഒരു സംസ്കാരം രൂപപ്പെടുത്താനും, തൊഴിലവസരങ്ങൾ ഉറപ്പ വരുത്തുന്ന കൂടുതൽ കോഴ്സുകളിൽ പരിശീലനം നൽകാനും അസാപിന്റെ കെ-സ്കിൽ ക്യാമ്പയിൻ വഴി സാധിച്ചിട്ടുണ്ട്. കെ-സ്കിൽ ക്യാമ്പയിൻ 2022 മാർച്ച് 10-ന് ഉദ്ഘാടനം ചെയ്യപ്പെടുമ്പോൾ 103 കോഴ്സുകളിലേക്കാണ് പരിശീലനം നൽകിയിരുന്നത്. മൂന്നു മാസം പിന്നിട്ടപ്പോൾ 133 കോഴ്സുകളായി അത് ഉയർത്താൻ സാധിച്ചു. പതിനാറിലധികം വ്യത്യസ്ഥ തൊഴിൽ മേഖലകളിലായി പ്ലസ് ടു യോഗ്യതയ്ക്ക് മുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും, പൊതു സമൂഹത്തിനും ചെയ്യാവുന്ന കോഴ്സുകൾ കെ-സ്കിൽ ക്യാമ്പയിന്റെ ഭാഗമായി നൽകി വരുന്നു. ഭൂരിഭാഗം കോഴ്സുകളും പ്ലെയ്സ്മെന്റ് ഉറപ്പ നല്കുന്നതോ പ്ലെയ്സ്മെന്റ് സഹായം ലഭ്യമാക്കുന്നതോ ആണ്. ഉദ്യോഗാർത്ഥികൾക്ക് കേരള നോളജ് ഇക്കോണമി മിഷൻ നൽകുന്ന സ്കോളർഷിപ്പുകൾ വഴി സാമ്പത്തിക സഹായവും, കാനറ ബാങ്ക് വഴി സ്കിൽ ലോൺ ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്. പുതു തലമുറ നൈപുണ്യ കോഴ്സുകൾക്ക് പ്രാമുഖ്യം നൽകി നൈപുണ്യ പരിശീലനം ഏവർക്കും പ്രാപ്യമാക്കുന്ന രീതിയിൽ വിഭാവനം ചെയ്തിരിക്കുന്ന കെ-സ്കിൽ ക്യാംപെയിൻ നവ വൈജ്ഞാനിക സമൂഹ നിർമ്മിതിയിൽ ഒരു മുതൽക്കൂട്ടാണ്. |
| (സി) | ഇൻഡസ്ട്രി ആവശ്യപ്പെടുന്ന നൈപുണ്യം കേരളത്തിലെ യുവജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ക്ലൗഡ് കമ്പ്യൂട്ടിംഗ് പരിശീലനം ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകളുമായി ബന്ധപ്പെട്ട അധിക വൈദഗ്ധ്യങ്ങൾ ആർജ്ജിക്കുന്നതിന് പ്രത്യേകമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | മാറുന്ന കാലത്തിനനുസരിച്ച് നൈപുണ്യ പരിശീലന രംഗത്ത് പുതു തലമുറ കോഴ്സുകൾ ഒരുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വ്യവസായങ്ങൾക്ക് ആവശ്യമുള്ള നൈപുണ്യ മേഖലകൾ കണ്ടെത്തി നമ്മുടെ യുവതയെ പുത്തൻ തൊഴിൽ മേഖലയിൽ പരിശീലിപ്പിക്കുകയും അതുവഴി കൂടുതൽ തൊഴിൽ സാധ്യതകളും സംരംഭകത്വവും വളർത്തികൊണ്ടുവരാനും സാധിക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, ആമസോൺ ക്ലോഡ് കമ്പ്യൂട്ടിങ്, സൈബർ സെക്യൂരിറ്റി, ഡ്രോൺ ടെക്നോളജി, ഗ്രാഫിക്സ് ഡിസൈനർ, ഡിപ്ലോമ ഇൻ ബാങ്കിങ് & ഫിനാൻസ്, വിദേശ ഭാഷകൾ തുടങ്ങിയ 133 ഓളം കോഴ്സുകൾ ഇത്തരത്തിൽ ലഭ്യമാണ്. പ്രമുഖ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടു കൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ പഠിതാക്കളിൽ ഹയർ ഓർഡർ ഇൻഡസ്ട്രി റിലവന്റ് സ്കിൽസ് (Higher Order Industry Relevant Skills) നൽകി |

| | | | |
|---|---|---|---|
| | | | അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. അസാപ്പിന്റെ പ്ലേസ്മെന്റ് പോർട്ടലിലൂടെ നൈപുണ്യം സിദ്ധിച്ച വിദ്യാർത്ഥികൾക്ക് തൊഴിലും ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ